അന്യസംസ്ഥാനങ്ങളിൽനിന്നും വിഷാംശമില്ലാത്ത പച്ചക്കറികൾ വിപണികളിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

സംസ്ഥാനത്തേക്ക് കൂടുതൽ പച്ചക്കറി എത്തിക്കുന്ന സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ചനടത്തി ഫലപ്രദമായ നടപടി സ്വീകരിക്കുവാനും കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. മേൽവിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 18-11-2014-ൽ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനപ്രകാരം അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് കൊണ്ടു വരുന്ന പഴങ്ങളിലേയും പച്ചക്കറികളിലേയും അമിതമായ കീടനാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായി ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതല കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉൽപ്പാദന വിതരണ മൊത്തവ്യാപാരമേഖലകൾ നേരിട്ട് സന്ദർശിച്ച് ഇതുസംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പച്ചക്കറി മൊത്തവ്യാപാരികളുടെ ഒരു അടിയന്തരയോഗം 9-6-2015-ന് തിരുവനന്തപുരത്ത് വിളിച്ചുചേർക്കുകയും അതിന്റെ തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്തുനിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാംശങ്ങൾ തേടുന്നതിനായി വിൽപ്പന നികുതി വകുപ്പിന്റെ സേവനവും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിപണികളിൽ നിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ സേവനംകൂടി ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അയൽ സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ഒരു ഉന്നതതലയോഗം 21-7-2015-ൽ വിളിച്ചുചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ആരോഗ്യപ്രശ്നമുണ്ടാക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ

84 (2293) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പലസംസ്ഥാനങ്ങളും മാഗി നൂഡിൽസ് നിരോധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് കേരളത്തിലും നിരോധിക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ബി) മാഗി നൂഡിൽസ് പോലെ ഭാവിയിൽ ശ്രക്ഷമായ ആരോഗ്യ പ്രശ്നമുണ്ടാകുന്ന ഐസ്ക്രീംപൗഡർ, പിസ്ത പൗഡർ, ബദാം മിക്സ്, ജ്യൂസ് മിക്സുകൾ എന്നിവ തലസ്ഥാന നഗരിയിലുൾപ്പെടെ വിൽക്കുന്നത് തടയാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Food Safety and Standards Authority of India മാഗി നൂഡിൽസിന്റെ പരിശോധനാഫലം കണക്കിലെടുത്ത് No.10/Q.A/ Enforcement Issues/FSSAI/2015 dated 5-6-2015 എന്ന ഉത്തരവ് പ്രകാരം ദേശവ്യാപകമായി ടി ഉൽപ്പന്നം പിൻവലിക്കുവാൻ ഉൽപ്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം സംസ്ഥാനത്തും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ലഭ്യമായ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുവാനും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രത്യേകമായ ഒരു നിരോധനം ഏർപ്പെടുത്തേണ്ട ആവശ്യമില്ല.

(ബി) പരിശോധനകളിൽ ഇരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണെന്ന് കണ്ടെത്തുന്ന എല്ലാത്തരം ഉൽപ്പന്നങ്ങൾക്കെതിരെയും നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

108 ആംബുലൻസുകളുടെ പ്രവർത്തനം

85 (2294) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 108 ആംബുലൻസ് സർവ്വീസുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും എത്രയെണ്ണം പ്രവർത്തനക്ഷമമല്ലെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ജീവൻരക്ഷാ ഉപകരണങ്ങളും മരുന്നുകളും ഇല്ലാത്തതിൽ ഇവയുടെ സേവനം രോഗികൾക്കും അപകടത്തിനിരയാകുന്നവർക്കും ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആംബുലൻസുകളിലെ എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി യഥാസമയം പുതുക്കുന്നതിന് നടപടി സ്വീകരിക്കാത്തത് ഇതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly